(ഡി) പി.എച്ച്.സി., കുർക്കഞ്ചേരി .. 53
പി.എച്ച്.സി., പാറളം .. 75
പി.എച്ച്.സി., അവണിശ്ശേരി .. 25
പി.എച്ച്.സി., വല്ലച്ചിറ .. 60

(ഇ) ഈ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഇല്ല. മറ്റു തസ്തികകളിൽ ചുരുക്കം ചില ഒഴിവുകൾ ഉള്ളത് നികത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഹെൽത്ത് മാന്വൽ പരിഷ്ക്കരണം

184 [941] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഹെൽത്ത് മാന്വൽ ഏത് വർഷം തയ്യാറാക്കി അംഗീകരിച്ചതാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഹെൽത്ത് മാന്വൽ കാലോചിതമായി പരിഷ്ക്കരിക്കാത്തതുമൂലം പൊതുസ്ഥലങ്ങളും നിരത്തുകളും മലിനമാക്കുന്നവർക്കെതിരെയും ഭക്ഷ്യ വസ്തുക്കളിൽ മാരകമായ വിഷപദാർത്ഥങ്ങൾ കലർത്തുന്നവർക്കെതിരെയും ഫലപ്രദമായ നിയമനടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഹെൽത്ത് മാന്വൽ കാലാനുസൃതമായ മാറ്റങ്ങളോടെ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റും, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റും ആണ് ഇപ്പോൾ പ്രാബല്യത്തിലുള്ളത്.

(ബി) നിലവിലുള്ള 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റും, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റും ഏകോപിപ്പിച്ചുകൊണ്ട് കാലോചിതമായി പരിഷ്ക്കരിക്കേണ്ടത് ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിലുള്ള 1995-ലെ തിരുകൊച്ചി, 1939-ലെ മദ്രാസ് പൊതുജനാരോഗ്യ നിയമങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് 2004-ലെ കേരളാ പൊതുജനാരോഗ്യ നിയമം കരട് ബിൽ തയ്യാറായി വരുന്നു.

(ഡി) കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയാണ് കരട് ബിൽ തയ്യാറാക്കുന്നത്.

5-7-2004-ലെ 805, 836, 874, 887, 934, 947, 948 എന്നീ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly